DESPATCHED 25/01/2020



13/01/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ AP No.2693(4)/2014/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.16494/എസ്.ഐ.സി-ജി 2/2014)**

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ഷിനു. എൻ,
ശ്രീശൈലം,
പന്മന, ചവറ പി.ഒ, } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,
ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
പബ്ലിക് ഓഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-695 033.

2. അപ്പീൽ അധികാരി &
ചീഫ് എഞ്ചിനീയർ,
ജലസേചനവും ഭരണവും,
പബ്ലിക് ഓഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം- 695 033.

} എതിർകക്ഷികൾ

**ഉത്തരവ്**

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിയുടെ ഓഫീസിൽ നിന്ന് ആവശ്യപ്പെട്ട, 05.11.2011 ൽ പ്രസിദ്ധീകരിച്ച എസ്.എൽ.ആർ, സി.എൽ.ആർ,

എച്ച്.ആർ. വിഭാഗം ജീവനക്കാരുടെ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ് പാർട്ട് നാലിൽപെട്ടവരുടെ വിവരങ്ങൾ ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 22.11.2014 ൽ കമ്മീഷൻ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഇതനുസരിച്ച് ഒന്നാം എതിർകക്ഷി 02.12.2014 ൽ കമ്മീഷന് റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു.

"അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈ കാര്യാലയ ത്തിൽ ലഭിക്കുന്ന ഒന്നായിരുന്നില്ല. ടിയാൻ ആവശ്യപ്പെട്ട 05.11.2011 ൽ പ്രസിദ്ധീകരിച്ച പട്ടികയിൽ 199 പേരുണ്ട് (01.01.2011 ൽ 500 പ്രവൃത്തി ദിവസം പൂർത്തിയാക്കിയവരും എന്നാൽ 10 വർഷം പൂർത്തിയാക്കാത്ത എച്ച്.ആർ,/സി.എൽ.ആർ/എസ്.എൽ.ആർ വിഭാഗം ജീവനക്കാരുടെ പട്ടിക). ഈ 199 പേരും പല ജില്ലകളിലായി പല ഓഫീസുകളിൽ ജോലി ചെയ്യുന്നവ രാണ്. ഇവർ ദിവസവേതനക്കാരാണ്. കൂടാതെ ഇവർ കെ.എസ്.ആറിന്റെ പരിധിയിൽ വരുന്ന ജീവനക്കാരുമല്ല. ടിയാൻ ആവശ്യപ്പെട്ടിരുന്നത് ഇറിഗേ ഷൻ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ സീസണൽ ജോലി ചെയ്യുന്ന കാഷ്വൽ വർക്കേഴ്സിന്റെ വിവരങ്ങളാണ്. ഇവരുടെ വിവരങ്ങൾ ഈ ഓഫീസിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ഇവരെ നിയമിക്കുന്നത് ബന്ധ പ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാരാണ്. ജോലിയുടെ ആവശ്യകത അനുസരിച്ചാണ് ഈ തൊഴിലാളികളെ ഏർപ്പെടുത്തുന്നത്. ഇവരുടെ വിവര ങ്ങൾ ടി എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽ നിന്ന് മാത്രമേ ലഭ്യമാകുകയു ള്ളൂ. കൂടാതെ ഇവർ സംസ്ഥാന സർക്കാർ ജീവനക്കാർ അല്ല. ഇവർ സീസണൽ വർക്കേഴ്സ് ആയി ജോലി ചെയ്യുന്നവർ ആണ്. നിരവധി ഓഫീസുകളിൽ നിന്ന് ലഭ്യമാക്കേണ്ടിയിരുന്ന വിവരങ്ങളായതുകൊണ്ടാണ് അങ്ങനെ ചെയ്യാവുന്നതാണെന്ന് മറുപടി നൽകിയത്."

RIGHT TO INFORMATION

3. ഇതുമായി ബന്ധപ്പെട്ട് 09.01.2020 ൽ കമ്മീഷൻ ആസ്ഥാനത്ത് ഹിയറിങ്ങ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

4. നേരത്തെ റിപ്പോർട്ടിൽ വിശദമാക്കിയ കാര്യങ്ങൾ ഒന്നാം എതിർകക്ഷി ഹിയറിങ്ങിലും മൊഴിയായി നൽകി. ടിയാന്റെ മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, എതിർകക്ഷികളുടെ മറുപടി വസ്തുതാപരമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. മറ്റ് പല ഓഫീസുകളിൽ നിന്നും ലഭ്യമാക്കേണ്ട വിവരങ്ങൾ വിവരാവകാശ നിയമത്തിന്റെ 6(3) വകുപ്പു പ്രകാരം കൈമാറുക എന്നത് ക്ലേശകരമായ കാര്യം ആണ്. ആയതുകൊണ്ട് എതിർകക്ഷികൾ മറുപടിയിൽ പറയുന്നത് പോലെ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഓഫീസുകളിൽ നിന്ന് അപ്പീൽ ഹർജിക്കാരന് വിവരങ്ങൾ തേടാവുന്നതാണ്.

5. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേദിവസം 13.01.2020 ന് ഉത്തരവാകുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

re